**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **19-06-2024 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ വ്യാപകമായി തോട്ടഭൂമി മുറിച്ചു വിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിലെ 81(e) പ്രകാരം മിച്ചഭൂമി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട തോട്ടഭൂമികൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുമൂലം തോട്ടഭൂമികൾ ധാരാളമായി തുണ്ട് ഭൂമികളായി കൈമാറ്റം ചെയ്യപ്പെടുകയും തരം മാറ്റപ്പെടുകയും ചെയ്യുന്നുണ്ട്. തോട്ടമായി നിലനിർത്താനായി ഒഴിവാക്കപ്പെട്ട ഭൂമി തരം മാറ്റിയാൽ അത് ഭൂമി കൈവശം വയ്ക്കാൻ അനുവാദം ലഭിച്ച വ്യക്തി (ഭൂഉടമ) പിന്നീട് വാങ്ങിയ ഭൂമിയായി കണക്കാക്കി അയാൾക്ക് എതിരെയുണ്ടായിരുന്ന മിച്ച ഭൂമി കേസ് റീഓപ്പൺ ചെയ്ത് നടപടി സ്വീകരിക്കണ മെന്നാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഇത്തരത്തിലുള്ള തരം മാറ്റം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉൾപ്പെടെയുള്ള പലവിധ കാരണങ്ങളാൽ ഇത്തരത്തിൽ മിച്ചഭൂമി കേസുകൾ റീഓപ്പൺ ചെയ്യുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള തരം മാറ്റം വ്യാപകമാണ് എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഒഴിവ് ലഭിച്ച തോട്ടഭൂമി തരം മാറ്റിയാൽ അത്തരം ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുമെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് ഒരു നിയമ നിർമ്മാണം 2019-ൽ മന്ത്രിസഭാ യോഗം അംഗീകരിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയാൽ നഷ്ടപരിഹാരം നൽകേണ്ടി വരുമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടതിനെ തുടർന്ന് കൂടുതൽ നിയമോപദേശത്തിനായി അഡ്വ. ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നിയമോപദേശം ലഭിച്ചിട്ടില്ല. അഡ്വ. ജനറലിന്റെ നിയമോപദേശം ലഭ്യമാക്കി അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഒഴിവ് ലഭിച്ച തോട്ട ഭൂമി തരം മാറ്റിയാൽ ഇളവ് ലഭിച്ച വ്യക്തിയുടെയോ അവരുടെ പിൻതുടർച്ച |

| | | | |
|---|---|---|---|
| | | | അവകാശികളുടെയോ പേരിൽ സീലിംഗ് കേസുകൾ പുന:രാരംഭിക്കുമെന്ന് വ്യക്തമാക്കി കൊണ്ട് 11/06/2024-ൽ G.O (Rt.)1354/24/RD എന്ന ഉത്തരവ് നിയമത്തിലെ 128-ാം വകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | മുന്നാധാരപ്രകാരം തോട്ടഭൂമിയായിരുന്ന സ്ഥലം 2023-ൽ അന്നത്തെ വില്ലേജ് ഓഫീസറുടെ ക്രമവിരുദ്ധമായ നടപടി പ്രകാരമാണ് കുമളി പഞ്ചായത്ത് 6.39 കോടി രൂപ മുടക്കി വാങ്ങിയതെന്ന് പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജില്ലാ കളക്ടറുടെയോ മറ്റ് ബന്ധപ്പെട്ട അധികാരികളുടെയോ അനുമതി കൂടാതെ നിയമവിരുദ്ധമായ റിപ്പോർട്ട് നൽകിയ വില്ലേജ് ഓഫീസർക്ക് എന്ത് അടിസ്ഥാനത്തിലാണ് മികച്ച വില്ലേജ് ഓഫീസർക്കുള്ള അവാർഡ് നൽകിയതെന്ന് വിശദമാക്കാമോ; | (സി) | ജി.ഒ.(എം.എസ്) നം.11/2023/റവന്യൂ തീയതി 19/01/2023 ഉത്തരവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷ സമർപ്പിച്ച വില്ലേജ് ഓഫീസർമാരിൽ നിന്നും തെരഞ്ഞെടുത്ത വില്ലേജ് ഓഫീസർമാരുടെ പേരു വിവരമാണ് മികച്ച വില്ലേജ് ഓഫീസർമാർക്കുള്ള അവാർഡിനായി ശുപാർശ ചെയ്തിരുന്നത്. 2023 കാലഘട്ടത്തിലെ കുമളി വില്ലേജ് ഓഫീസറുടെ പേരിൽ ആ സമയത്തും നിലവിലും അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തതാണ്. |
| (ഡി) | നിയമവിരുദ്ധമായ റിപ്പോർട്ട് നൽകിയ വില്ലേജ് ഓഫീസർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | ജി.ഒ.(എം.എസ്) നം.11/2023/റവന്യൂ തീയതി 19/01/2023 ഉത്തരവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷ സമർപ്പിച്ച വില്ലേജ് ഓഫീസർമാരിൽ നിന്നും തെരഞ്ഞെടുത്ത വില്ലേജ് ഓഫീസർമാരുടെ പേരു വിവരമാണ് മികച്ച വില്ലേജ് ഓഫീസർമാർക്കുള്ള അവാർഡിനായി ശുപാർശ ചെയ്തിരുന്നത്. 2023 കാലഘട്ടത്തിലെ കുമളി വില്ലേജ് ഓഫീസറുടെ പേരിൽ ആ സമയത്തും നിലവിലും അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തതാണ്. |
| (ഇ) | പ്രസ്തുത ഭൂമി നിലവിൽ ആരുടെ കൈവശമാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (ഇ) | കുമളി പഞ്ചായത്ത് 6.39 കോടി രൂപ മുടക്കി വാങ്ങിയ കുമളി വില്ലേജിലെ സർവ്വെ നമ്പർ 65/1 D യിൽ ഉൾപ്പെട്ടുവരുന്ന 2.0236 ഹെക്ടർ വസ്തു 21409-ാം നമ്പർ തണ്ടപ്പേരുംപടി കുമളി ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി ശ്രീ. സെൻകുമാർ S/o. കുട്ടപ്പൻ പാലപ്ര, ശാന്തിഭവൻ, അട്ടപ്പള്ളം, കുമളി എന്നയാൾ പേരിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ